# Deepika

## 17 July 2018

## Kochi, Train Traffic Disrupted, Heavy Rain



എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ ട്രാക്കിൽ വെള്ളം കയറിയപ്പോൾ.

# കൊച്ചിയിൽ ട്രാക്കിൽ വെള്ളം: ട്രെയിൻ ഗതാഗതം തടസപ്പെട്ടു

### ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം തകരാറിലായതിനാൽ മാനുവൽ സിഗ്നലിംഗ് ആണ് നടക്കുന്നത്

**കൊച്ചി:** കനത്തമഴയിൽ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ ട്രാക്കുകൾ വെള്ളത്തിൽ മുങ്ങിയതു ഇതുവഴിയുള്ള ട്രെയിൻ ഗതാഗതത്തെ ബാധിച്ചു. അഞ്ചു പാസഞ്ചർ ട്രെയിനുകൾ റദ്ദാക്കി. മറ്റു ട്രെയിനുകൾ വൈകയാണ് ഓടിയത്.

സ്റ്റേഷനോടു ചേർന്നുള്ള നഗരപ്രദേശങ്ങളും വെള്ളത്തിൽ മുങ്ങിയതോടെ സ്റ്റേഷനിലെ ട്രാക്കിൽനിന്നു വെള്ളം വറ്റിക്കാൻ സാധിക്കാത്ത അവസ്ഥയിലായിരുന്നു. ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം തകരാറിലായതിനാൽ മാനുവൽ സിഗ്നലിംഗ് ആണ് നടക്കുന്നത്. തിരുവനന്തപുരത്തു നിന്ന് എറണാകുളം വരെയും തിരിച്ചുമുള്ള ട്രെയിനുകളെല്ലാം രണ്ടു മുതൽ മൂന്നുമണിക്കൂർ വരെ വൈകിയാണ് സർവീസ് നടത്തിയത്. കൊച്ചുവേളി ബംഗളൂരു എക്സ്പ്രസ്, തിരുവനന്തപുരം ഗുരുവായൂർ ഇന്റർസിറ്റി ട്രെയിനുകൾ ഒന്നരമണിക്കൂർ വൈകി.

കോട്ടയം-തൃശ്ശൂർ റൂട്ടിലുള്ള ട്രെയിനുകൾ സൗത്ത് സ്റ്റേഷനിൽ കയറാതെ നോർത്ത് സ്റ്റേഷൻ വഴി മാത്രമാണ് കൂടുതലായും സർവീസ് നടത്തിയത്. എറണാകുളം-നിലമ്പൂർ പാസഞ്ചർ (56362), ആലപ്പുഴ വഴിയുള്ള എറണാകുളം-കായംകുളം, എറണാകുളം-ആലപ്പുഴ പാസഞ്ചർ (56379), കോട്ടയം വഴിയുള്ള കൊല്ലം-എറണാകുളം പാസഞ്ചർ, കൊല്ലം-പുനലൂർ പാസഞ്ചർ (56365) എന്നീ പാസഞ്ചറുകളാണ് റദ്ദാക്കിയത്.

കൂടാതെ കൊല്ലം-എറണാകുളം (56392), എറണാകുളം-കായംകുളം (56387) എന്നീ പാസഞ്ചറുകൾ പിറവം റോഡ് സ്റ്റേഷനും എറണാകുളത്തിനും ഇടയിൽ ഭാഗികമായി നിർത്തലാക്കി. കൊല്ലം-എറണാകുളം പാസഞ്ചർ (56392) പിറവം റോഡിൽ യാത്ര അവസാനിപ്പിക്കുകയും ചെയ്തു.